# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.728 11.07.2016 ൽ മറുപടിക്ക്**

## ബൈപ്പാസ് റോഡുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, കെ.മുരളീധരൻ<br>,, വി.ഡി.സതീശൻ<br>,, എൽദോസ് കുന്നപ്പിള്ളി | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ബൈപ്പാസ് റോഡുകൾ നിർമ്മിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ബൈപ്പാസ് റോഡുകൾ നിർമ്മിക്കാൻ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ് ടി പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവല്ല ബൈപ്പാസ്, തൊടുപുഴ ബൈപ്പാസ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.<br>എം.സി റോഡിൽ മഴുവങ്ങാട് ചിറ നിന്നും ആരംഭിച്ച് രാമൻ ചിറയിൽ വന്നു ചേരുന്ന തിരുവല്ല ബൈപ്പാസ്സിന് 2.3കി.മീ ദൈർഘ്യമാണ് ഉള്ളത്. വൈ.എം.സി.ഐ ജംഗ്ഷനു സമീപം 145 മീറ്റർ നിളം വരുന്ന ഫ്ളൈ ഓവറും ഒരു ചെറിയ പാലവും ഇതിൽ ഉൾപ്പെടുന്നു. അന്താരാഷ്ട്ര നിലവാരത്തിലാണ് ഈ ബൈപ്പാസ് നിർമ്മിക്കുന്നത്. എല്ലാവിധ റോഡ് സൈനേജുകളും, മാർക്കിംഗുകളും, സോളാർ സ്ട്രീറ്റ് ലൈറ്റുകളും ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങളും ഉൾപ്പടുത്തിയാണ് ഈ ബൈപ്പാസ് നിർമ്മിക്കുന്നത്. ഈ ബൈപ്പാസിന്റെ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.<br>2.59 കി.മീ ദൈർഘ്യമുള്ള തൊടുപുഴ ബൈപ്പാസ്സ് മൂവാറ്റുപുഴ-തൊടുപുഴ റോഡിലുള്ള വെങ്ങല്ലൂർ ജംഗ്ഷനിൽ നിന്ന് തുടങ്ങി കോലാനി ജംഗ്ഷനിൽ അവസാനിക്കുന്നു. കെ എസ് ടി പി 2 പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന പൊൻകുന്നം-തൊടുപുഴ റോഡിൻെറ കരാറിലാണ് ഈ ബൈപ്പാസ്സും ഉൾപ്പെടുന്നത്.<br>അങ്കമാലി മുതൽ നെടുമ്പാശ്ശേരി വിമാനത്താവളം വരെയുള്ള അങ്കമാലി ബൈപ്പാസ് റോഡ് നിർമ്മാണത്തിനുള്ള ഡി പി ആർ തയ്യാറാക്കാൻ കിറ്റ്കോയെ ഏല്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഗതാഗതക്കുരുക്ക് ഒഴിവാക്കുവാനും അതിലൂടെ വാഹനങ്ങളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുവാനും, വായു മലിനീകരണം കുറയ്ക്കുവാനും ബൈപ്പാസ് നിർമ്മാണത്തിലൂടെ സാധിക്കുന്നതാണ്. |
| സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിൻ കീഴിൽ നിർമ്മാണം നടത്താൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ ബൈപ്പാസുകളുടെ വിശദവിവരവും മേൽ പദ്ധതി നടപ്പിലാക്കാൻ ഭരണ തലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദ വിവരവും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | ബൈപ്പാസ് പദ്ധതി | പദ്ധതി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ |
|---|---|---|
| 1 | തിരുവനന്തപുരം ബൈപ്പാസ് | തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ദേശീയ പാതാ അതോറിറ്റി ഓഫ് ഇന്ത്യയാണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡുകളോടു കൂടിയ 4 വരി പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.500 കി.മീ. ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കോൺട്രാകടറുമായി കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ മുഴുവൻ ചിലവും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. |
| 2 | കൊല്ലം ബൈപ്പാസ് | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 50% വീതം തുല്യ വിഹിതത്തോടെയാണ് നിർമ്മിക്കുന്നത്. പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. |
| 3 | ആലപ്പുഴ ബൈപ്പാസ് | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 50% വീതം തുല്യ വിഹിതത്തോടെയാണ് നിർമ്മിക്കുന്നത്. പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. |
| 4 | തൃപ്പൂണ്ണിത്തുറ ബൈപ്പാസ് | തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. Land Acquisition Estimate ഉം പ്രവൃത്തികളുടെ എസ്റ്റിമേറ്റും ഉണ്ടാക്കുന്നതിനുവേണ്ടി NATPAC നെ ചുമതലപ്പെടുത്തുകയും സ്ഥലമെടുപ്പിനായി 984.46 കോടി രൂപയുടേയും നിർമ്മാണത്തിനായി 315.71 കോടി രൂപയുടേയും ഡി.പി.ആർ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 5 | കോഴിക്കോട് ബൈപ്പാസ് | കോഴിക്കോട് ബൈപ്പാസിന്റെ ശേഷിക്കുന്ന 5.1 കി.മീ. 2 വരിപ്പാതയായി പൂർത്തീകരണം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് ചെയ്യുവാൻ നിശ്ചയിക്കുകയും അതിന് കേന്ദ്ര മന്ത്രാലയത്തിന്റെ സമ്മതവും ലഭിച്ചിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 145 കോടി രൂപയ്ക്കുള്ള ഭരണാനുമതി G.O.(Rt) No. 845/2014/PWD തീയതി 21/6/2014 ഉത്തരവ് പ്രകാരവും, 152.75കോടിരൂപയ്ക്കുള്ള സാങ്കേതിക അനുമതി G.O.(Rt) No. 1071/2014/PWD തീയതി 31/7/2014 ഉത്തരവ് പ്രകാരവും സർക്കാർ നൽകിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിച്ചു ഗതാഗതത്തിന് തുറന്നു കൊടുത്തു. ഈ ബൈപ്പാസ് 4 വരിപ്പാതയാക്കൽ |

| | | |
|---|---|---|
| | | കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ പെടുത്തി ഡി.പി.ആർ തയ്യാറാക്കാനുള്ള നടപടികൾ എൻ.എച്ച്.എ.ഐ സ്വീകരിച്ചു വരുന്നു. |
| 6 | തലശ്ശേരി - മാഹി ബൈപ്പാസ് | തലശ്ശേരി - മാഹി ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുത്ത 12 കി.മീ. ഇ.പി.സി. പ്രകാരം കേന്ദ്ര ഫണ്ടിൽ നടപ്പാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. കേന്ദ്ര നിർദ്ദേശ പ്രകാരം പ്രസ്തുത ബൈപ്പാസിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എ.ഐ മുഖാന്തിരം നടന്നു വരുന്നു. |
| 7 | മൂവാറ്റുപുഴ ബൈപ്പാസ് | മൂവാറ്റുപുഴ ബൈപ്പാസിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ നടന്നു വരുന്നു. |
| 8 | കോതമംഗലം ബൈപ്പാസ് | കോതമംഗലം ബൈപ്പാസിന്റെ (കി.മീ. 238/200 മുതൽ 243/000) അലൈൻമെന്റ് 30മീ. വീതിയിൽ MoRTH lr. No. RW/NH-12012/14/01-KL(P-7) dt. 2/5/2006 പ്രകാരം അംഗീകരിച്ചതാണ്. ഇപ്പോൾ 45മീ. വീതിയിൽ (നീളം 3.339 കി.മീ) അലൈൻമെന്റിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ ചെയ്തിട്ടുണ്ട്. |
| 9 | താമരശ്ശേരി ബൈപ്പാസ് | താമരശ്ശേരി ബൈപ്പാസ് 30 മീറ്റർ വീതിയിൽ MoRTHഅംഗീകരിച്ചതാണ്. ആകെ നീളം 3.6 കി.മീ ആണ്. സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് പ്രസ്തുത ബൈപ്പാസിന്റെ ഇൻവെസ്റ്റിഗേഷൻ പണി പൂർത്തിയായി വരുന്നു. |
| 10 | സുൽത്താൻ ബത്തേരി ബൈപ്പാസ് | സുൽത്താൻ ബത്തേരി ബൈപ്പാസ് ഇൻഫ്രാസ്ട്രക്ചർ ഫ്ളാഗ്ഷിപ്പ് പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി വരുന്നു |
| 11 | മണ്ണാർക്കാട് ബൈപ്പാസ് | ദേശീയപാതാ 213ൽ കി.മീ. 97/000 (കുമരംപുത്തൂർ) മുതൽ കി.മീ. 107/000 (ചൂരിയോട്) വരെയുള്ള 8.5 കി.മീ. ദൈർഘ്യത്തിലാണ് ഈ ബൈപ്പാസ്. കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇതിന്റെ ആദ്യഘട്ടമായ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.